**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 622

11.06.2013-ലെ
**മറുപടിയ്ക്ക്**

## മാവൂരിൽ പുതിയ വ്യവസായം ആരംഭിക്കൽ

| | ചോദ്യം<br>ശ്രീ.പി.റ്റി.എ റഹീം | | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവൂരിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ഗ്വാളിയോർ റയൺസ് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) & ബി) | കമ്പനിയുടെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി ഒരു ഐ.ടി പാർക്ക്, വിദ്യാഭ്യാസ സ്ഥാപനം, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ ആക്ഷൻപ്ലാനോ സർക്കാരിന് ലഭ്യമായിട്ടില്ല. ആയത് തയ്യാറാക്കി 30.6.2013 ന് മുൻപായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | കമ്പനി ലഭ്യമാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കുന്നത് സംബന്ധിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്. |

Helen Keech

**സെക്ഷൻ ഓഫീസർ**